# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1650** **01-11-2019 ലെ മറുപടിയ്ക്ക്**

### മരട് ഫ്ലാറ്റ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി. ജോർജ്:** | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) മരട് ഫ്ലാറ്റ് വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണ്; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 08.05.2019-ലെ സിവിൾ അപ്പീൽ 4784-4785/2019- ൻ മേലുള്ള (Arising out of SLPC No.4227-4228/2016) വിധിന്യായം പ്രകാരം മരട് നഗരസഭാ പരിധിയിലെ ആൽഫാ വെൻചെഴ്സ്, ജയിൻ ഹൗസിംഗ്, ഗോൾഡൻ കായലോരം, ഹോളിഫെയ്ത്ത് (H2O), ഹോളിഡേ ഹെറിറ്റേജ് എന്നീ ഫ്ളാറ്റുകൾ പൊളിച്ച് നീക്കം ചെയ്യുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊളിച്ച് നീക്കം ചെയ്യേണ്ട നിർദ്ദിഷ്ട ഫ്ളാറ്റുകളിലെ അന്തേവാസികളെ ഒഴിപ്പിക്കുകയും, ടി ഫ്ളാറ്റുകൾ പൊളിക്കുന്നതിന് വൈദഗ്ധ്യമുള്ള ഏജൻസിയിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുകയും ചെയ്തു. താൽപര്യ പത്രം സമർപ്പിച്ച 15 ഏജൻസികളിൽ നിന്ന് വിദഗ്ധരായ 2 ഏജൻസികളായ M/s. Edifice Engineering, M/s Vijay Steels എന്നിവരെ 05.10.2019- ലെ G.O.(Rt) No.2193/2019/LSGD, 09.10.2019-ലെ G.O.(Rt) No.2211/2019/LSGD നമ്പർ ഉത്തരവുകൾ പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി തിരഞ്ഞെടുക്കുകയും 15-10-2019 ൽ ടി ഏജൻസികൾക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളതും 23-10-2019 – ൽ നിയമാനുസൃതം കരാറിൽ ഏർപ്പെട്ടവർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്. ബഹു.സുപ്രീം കോടതിയുടെ 08-09-2019 – ലെ ഉത്തരവിൽ |

പരാമർശിച്ചതിൻ പ്രകാരം ടി ഫ്ളാറ്റുകളുടെ ഉടമകൾക്ക് നഷ്ട പരിഹാരം അനുവദിക്കുന്നിതിലേക്കായി നിയോഗിക്കപ്പെട്ട ജസ്റ്റീസ് കെ. ബാലകൃഷ്ണൻ നായർ (Rtd) കമ്മിറ്റി മുമ്പാകെ നിലവിൽ 246 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 23.10.2019 വരെ 157 പേർക്ക് നഷ്ട പരിഹാരം നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ആയതിൻ പ്രകാരം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(ബി) യും (സി) യും ഫ്ളാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതിനാൽ, ഇത് സംബന്ധിച്ച് ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ